# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3524 — 30.01.2014 ന് മറുപടിക്ക്

**ഭാഷാ ന്യൂനപക്ഷങ്ങളെ മലയാള ഭാഷാ പരിജ്ഞാനം നിർബന്ധമാക്കുന്നതിൽ ഇളവ് അനുവദിക്കുന്നതിന്**

ചോദ്യം — ഉത്തരം

ശ്രീ. എം. ഹംസ — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ജോലിക്ക് അപേക്ഷിക്കുന്നതിന് മലയാളഭാഷാ പരിജ്ഞാനം നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇല്ല. 19.10.2013 ലെ സ.ഉ(കൈ) നം.29/2013/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പത്താം ക്ലാസ് വരെയോ അല്ലെങ്കിൽ പ്ലസ് 2/ബിരുദതലത്തിലോ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥർ എൻട്രി കേഡറിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മലയാളം മിഷന്റെ കീഴിലുള്ള ഭാഷാ പഠനത്തിന്റെ ഭാഗമായി സീനിയർ ഹയർ ഡിപ്ലോമാ പരീക്ഷയുടെ നിലവാരത്തിന് തുല്ല്യമായ പരീക്ഷ വിജയിക്കേണ്ടതാണ്. സ്റ്റാറ്റ്യൂട്ടറി റൂൾ ആയ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958, പാർട്ട്-II , റൂൾ 10 (എഎഎഎ) യിൽ ഭാഷാ ന്യൂനപക്ഷങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ മലയാള ഭാഷാ പരിജ്ഞാനം |

| | | | |
|---|---|---|---|
| | | | നേടിയിരിയ്ക്കണം എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികൾക്കായി സെക്കന്റ് ക്ലാസ് ലാഗ്വേജ് ടെസ്റ്റ് കമ്മീഷൻ നടത്തുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് താമസിച്ചു വരുന്ന ഭാഷാന്യൂനപക്ഷ ങ്ങളെ മലയാളം അറിയണം എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) | തമിഴ്, കന്നഡ എന്നിവ പ്രാദേശിക ഭാഷ ആയി എസ്.എസ്.എൽ.സി പാസാകുന്നവരെ പ്രസ്തുത നിബന്ധനയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | (സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ